# റിപ്പബ്ലിക് ദിനാഘോഷം നടത്തി



എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് സല്യൂട്ട് സ്വീകരിച്ച് ദേശീയ പതാക ഉയർത്തി.

കോവിഡ് മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിനിടയിൽ മരണമടഞ്ഞ മുന്നണിപ്പോരാളികളെയും അവർ നൽകിയ സേവനങ്ങളെയും അനുസ്മരിച്ച എസ്.പി തുടർന്നും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ട ആവശ്യകതയും എടുത്തു പറഞ്ഞു.

അഡീഷണൽ എസ്.പി ഇ.എൻ.സുരേഷ്, ഡി.വൈ.എസ്.പി മാരായ ആർ.റാഫി, , പി.റെജിഅബ്രഹാം, എം.ആർ.മധുബാബു, കെ.ബിജുമോൻ, എസ്.മുഹമ്മദ് റിയാസ് എന്നിവരും മറ്റു പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു. കളമശ്ശേരിയിലെ ജില്ലാ ഹെഡ് ക്വാർട്ടർ സബ്ബ് ഇൻസ്പെക്ടർ ചൗധരി എസ് ദീൻ ആയിരുന്നു പരേഡ് കമാന്റർ.